21 OCT 2025

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്—വിവിധ വകുപ്പുകളിലെ
താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റ നിയമനം—
പരീക്ഷാ യോഗ്യത നേടുന്നതിനുള്ള ഇളവ്—
സമയപരിധി ദീർഘിപ്പിച്ചുകൊണ്ട്
ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര(റൂൾസ്-എ) വകുപ്പ്

**സ.ഉ.(അച്ചടി) നമ്പർ 12/2025/P&ARD. തിരുവനന്തപുരം, 2025 ആഗസ്റ്റ് 7.**

---

പരാമർശം:— (1) സ.ഉ. (പി) നമ്പർ 1/2014/ഉ.ഭ.പ.വ. തീയതി 3-1-2014.
(2) സ.ഉ. (അച്ചടി) നമ്പർ 4/2023/ഉ. ഭ. പ. വ. തീയതി 16-3-2023.

### ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്ങ്തിന്റെ 10%-ത്തിൽ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകാമെന്ന് പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(2) അപ്രകാരം തസ്തികമാറ്റ നിയമനം ബാധകമായിട്ടുള്ള വകുപ്പുകളിൽ, ക്ലാർക്ക് തസ്തികയിൽ പ്രസ്തുത തസ്തികമാറ്റ നിയമനം അനുവദിക്കുന്നതിന് ടി ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള മറ്റ് വ്യവസ്ഥകളോടൊപ്പം, പോലീസ് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാർ Part II of Police Test യോഗ്യതയും, മറ്റു വകുപ്പുകളിലെ ജീവനക്കാർ Manual of Office Procedure (MOP) Test യോഗ്യതയും നേടിയിരിക്കണമെന്നും,

നിലവിൽ താഴ്ന്ന വിഭാഗം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റ നിയമനത്തിനുള്ള ടെസ്റ്റ് യോഗ്യത നേടുന്നതിന് ഉത്തരവ് തീയതി മുതൽ രണ്ടു വർഷത്തെ ഇളവ് നൽകുകയും, പ്രസ്തുത സമയ പരിധിക്കുള്ളിൽ, തസ്തികമാറ്റ നിയമനത്തിന് മറ്റു തരത്തിൽ യോഗ്യരായവർക്ക് മേൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ യോഗ്യത ആർജിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി താത്ക്കാലിക തസ്തികമാറ്റ നിയമനം അനുവദിക്കാമെന്നും, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ടി യോഗ്യത നേടാത്തവരെ മുൻ തസ്തികയിലേക്ക് റിവർട്ട് ചെയ്യുന്നതാണെന്നും പരാമർശം (2) ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു.

(3) എന്നാൽ, പ്രസ്തുത ഇളവിന്റെ സമയപരിധി 15-3-2025 തീയതിയിൽ അവസാനിച്ചുവെന്നും, ടി ഉത്തരവ് യഥാസമയം എല്ലാ വകുപ്പുകളിലുമുള്ള ജീവനക്കാരുടെ ശ്രദ്ധയിൽ വരാത്തതിനാൽ പലരും നിശ്ചിത സമയത്തിനുള്ളിൽ യോഗ്യത നേടിയിട്ടില്ലായെന്നും, അതിനാൽ പരാമർശം (2) പ്രകാരം അനുവദിച്ചിട്ടുള്ള രണ്ടു വർഷത്തെ ഇളവ് ദീർഘിപ്പിച്ച് നൽകാൻ നടപടിയുണ്ടാകണമെന്നും കൂടാതെ, ഇളവ് പരിധിക്കുള്ളിൽ പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്ന ജീവനക്കാരെ പരീക്ഷാഫലം വരുന്നതിന്റെയടിസ്ഥാനത്തിലേ തരംതാഴ്ത്താവൂ എന്നും, 50 വയസ്സു പൂർത്തിയായവരെ ടി ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പല നിവേദനങ്ങളും സർക്കാരിൽ ലഭിച്ചിരുന്നു.

(4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരം മേൽ വകുപ്പുതല പരീക്ഷകൾ തസ്തികമാറ്റത്തിനുള്ള അവശ്യയോഗ്യതയായാണ് നിഷ്കർഷിച്ച് ഉത്തരവായിട്ടുള്ളത്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ ഭാഗം II ചട്ടം 13 B പ്രകാരമുള്ള സ്ഥിരമായ ഇളവ് അവശ്യയോഗ്യതയ്ക്ക് അനുവദിക്കാനാകില്ല. ആയതിനാൽ 50 വയസ്സ് പൂർത്തിയായവരെ ടി ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കുകയില്ല. എന്നാൽ, തസ്തികമാറ്റം നേടുന്നതിന്

നിഷ്കർഷിച്ചിട്ടുള്ള ടെസ്റ്റ് യോഗ്യത കൈവരിക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ചു നൽകുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതുന്നു.

(5) മേൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശം (2) ഉത്തരവ് പ്രകാരമുള്ള ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും 50 വയസ്സ് പൂർത്തിയായവരെ ഒഴിവാക്കാനാകില്ലായെന്ന് വ്യക്തമാക്കി കൊണ്ടും, ടി ഉത്തരവ് പ്രകാരമുള്ള ഇളവിന്റെ സമയപരിധി 15-3-2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ടും, പ്രസ്തുത സമയപരിധിക്കുള്ളിൽ പരീക്ഷയെഴുതി പരീക്ഷാഫലം കാത്തിരിക്കുന്നവരെ ഫലം വരുന്നതുവരെ താഴ്ന്ന തസ്തികയിലേക്ക് റിവർട്ട് ചെയ്യേണ്ടതില്ലായെന്ന് വ്യക്തമാക്കി കൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ.എ.എസ്.,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

<u>പകർപ്പ് :</u>

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/ എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ ഡെപ്യൂട്ടി സെക്രട്ടറിമാർക്കും / അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.

വിവര പൊതുജനസമ്പർക്ക (Web and New Media) വകുപ്പ് (പ്രചാരണത്തിന്).

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, റൂൾസ്-ബി, സി) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

---

**<u>മേലെഴുത്ത് നം.DT/2859/2020-A3 തീയതി:03-11-2025</u>**

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്തിൻ്റെ **10%-ൽ** യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിനു **Manual of Office Procedure (MOP) Test** യോഗ്യത നേടുന്നതിനുള്ള സമയ പരിധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് കൊണ്ടുള്ള **7.8.2025** ലെ സ.ഉ.(അച്ചടി) നമ്പർ **12/2025/P&ARD** നമ്പർ സർക്കാർ ഉത്തരവ് അറിവിനും തുടർ നടപടികൾക്കുമായി.

**Xavier A KAS**
**ADMINISTRATIVE OFFICER**

Signed by
Xavier A Kas
Date: 03-11-2025 16:56:15

**<u>സ്വീകർത്താവ് :</u>**
ബന്ധപ്പെട്ട ജീവനക്കാർ